(ബി) എങ്കിൽ ആരെയെല്ലാം ഒഴിവാക്കുന്നതിന് വേണ്ടിയാണ് സ്വാധീനം ഉപയോഗിച്ചത് ;

(സി) ആരെല്ലാമാണ് ഈ കേസിലെ പ്രതികളെ ഒഴിവാക്കാൻ സ്വാധീനം പ്രയോഗിച്ചത് ;

(ഡി) കോടതിയുടെ പ്രസ്തുത ഉത്തരവു സംബന്ധിച്ച് അന്വേഷണം നടത്തിയോ ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

(ഇ) അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് പറയാമോ ?

ഉത്തരം

(എ) പ്രസ്തുത സംഭവം സംബന്ധിച്ച് മതിലകം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 196/96 കേസിൽ തൃശൂർ സെഷൻസ് കോടതി ശിക്ഷാവിധി പ്രസ്താവിച്ചിട്ടുള്ളതാണ്. വിധിയുടെ പകർപ്പ് ഇതുവരെയും ലഭിച്ചിട്ടില്ലാത്തതിനാൽ കോടതി വിധിയിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നു അറിവായിട്ടില്ല.

(ബി-ഇ) 'എ' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സമരം ചെയ്യാതിരുന്ന ജീവനക്കാർക്ക് മർദ്ദനമേറ്റ സംഭവം

143 (144) ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 10-ാം തീയതി ഗവ. സെക്രട്ടേറിയറ്റിൽ സമരം ചെയ്യാതിരുന്ന ജീവനക്കാർക്ക് മർദ്ദനമേറ്റ സംഭവത്തിൽ ആരുടെയെല്ലാം മേൽ കേസ് എടുത്തിട്ടുണ്ട് ;

(ബി) അവർ മർദ്ദനമേറ്റവരാണോ ; മർദ്ദനമേറ്റവരുടെ മേൽ കേസെടുത്തത് എന്തുകൊണ്ടാണ് ;

(സി) മർദ്ദനമേറ്റവരുടെ മേൽ ആരോപിച്ചിരിക്കുന്ന കുറ്റമെന്താണ് ?

(ഡി) ഇവരുടെ പേരിൽ ജാമ്യം കിട്ടാത്ത വകുപ്പുകൾ ചേർത്ത് കേസെടുത്തിട്ടുണ്ടോ ; എങ്കിൽ അതിനുള്ള വിശദീകരണമെന്താണ് :

(ഇ) അവർ നൽകിയ ജാമ്യാപേക്ഷ കോടതി അംഗീകരിച്ചുവോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച കോടതി ഉത്തരവിന്റെ വിശദവിവരം നൽകുമോ ;

(ജി) സെക്രട്ടേറിയേറ്റ് ജീവനക്കാരെ മർദ്ദിച്ചവരുടെ മേൽ കേസ് എടുത്തുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എങ്കിൽ ഏത് വകുപ്പനുസരിച്ചാണ് കേസെടുത്തത് ;

(ഐ) ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ; ഇവർ ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്യുന്നവരാണ് ?

ഉത്തരം

(എ-ഐ) 2001 ജനുവരി 10-ാം തീയതിയിലെ പണിമുടക്കിൽ പങ്കെടുക്കാതെ ആഫീസിൽ പണിയെടുത്ത ആർക്കും മർദ്ദനമേറ്റ സംഭവം ഉണ്ടായിട്ടില്ല. എന്നാൽ സെക്രട്ടേറിയേറ്റ് കാമ്പസിലുള്ള കോഫിഹൗസ് പരിസരത്ത് വച്ച് ഇരുവിഭാഗം ജീവനക്കാർ തമ്മിലുണ്ടായ സംഘർഷങ്ങളുടെ പേരിൽ കേസെടുത്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് അതിക്രമിച്ചു കടക്കാൻ ശ്രമിക്കുകയും സെക്യൂരിറ്റി ഉപകരണങ്ങളും മറ്റും നശിപ്പിക്കുകയും ചെയ്ത സംഭവങ്ങളോടനുബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം പോലീസ് കേസെടുത്തിട്ടുണ്ട്. കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 9/2001, 10/2001, 11/2001 എന്നീ നമ്പരുകളിലായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കേസിൽ പ്രതികളായ 21 പേരെ ഇതിനകം പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്. ഇതിൽ കോടതിയിൽ ഹാജരാക്കപ്പെട്ട പ്രതികൾക്ക് നിബന്ധനകൾക്ക് വിധേയമായി ജാമ്യം അനുവദിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിൽ നടന്ന അനിഷ്ട സംഭവങ്ങൾ

144 (145) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 10-ാം തീയതി സെക്രട്ടേറിയറ്റിൽ നടന്ന അനിഷ്ട സംഭവങ്ങളോടനുബന്ധിച്ച് ആരെയെല്ലാം അറസ്റ്റു ചെയ്തു ;

(ബി) ഇവരിൽ ആരുടെയെല്ലാം വീട് രാത്രിയിൽ റെയ്ഡുചെയ്ത് അറസ്റ്റ് ചെയ്യുകയുണ്ടായി ;

(സി) സംഭവത്തിനുശേഷം കൃത്യമായി ഓഫീസിൽ വന്നുകൊണ്ടിരുന്ന ഇവരുടെ വീട് രാത്രിയിൽ റെയ്ഡുചെയ്ത് അറസ്റ്റ് ചെയ്യുവാനുള്ള കാരണം എന്തെന്നും വിശദീകരിക്കുമോ ;

(ഡി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തവരുടെ മേൽ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഈ കുറ്റങ്ങൾ ചെയ്തവരെ റിമാന്റിൽ വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുവോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച കോടതിയുടെ തീരുമാനം എന്തായിരുന്നു ?

ഉത്തരം

(എ) ജയകുമാർ, അനിൽകുമാർ, സതീശൻ ചന്ദ്രൻ, സലിം, ജോസഫ്, ശ്രീകുമാരൻ നായർ, സുഭാഷ് ജോൺമാത്യു, ചന്ദ്രലാൽ, രാധാകൃഷ്ണൻ നായർ, ജോസഫ് പയസ്, കരിമുള്ളാഖാൻ, ജോസഫ് രാജൻ, സുധീർ, ബിജുകുമാർ എന്നിവരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly